SDOF SUNDAY

Vol. 01 No. 04 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 June 14

പുനലൂർ ചെമ്മന്തൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് സിറിയൻ പള്ളിയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് യൂണിറ്റുതല ഉദ്ഘാടനം കൊട്ടാരക്കര-പുനലൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ തേവോദോറസ് നിർവഹിച്ചു. ഡോ. ബിജു ജേക്കബ് (IA&AS), ഇടവക വികാരി ഫാ. സാജൻ തോമസ്, സെൻട്രൽ റീജണൽ സെക്രട്ടറി ഷിബു വർഗീസ്, SDOF ഭദ്രാസന സെക്രട്ടറി അഡ്വ അനു. ജെ. ബേബി, SDOF ചെമ്മന്തൂർ യൂണിറ്റ് വൈസ് പ്രസിഡന്റ് സജി ജേക്കബ്, യൂണിറ്റ് സെക്രട്ടറി ബിനു ജോർജ്, ജോയിന്റ് സെക്രട്ടറി ലിനോജ് ചെല്ലച്ചൻ, ട്രഷറർ ബിജോയ് ജോൺ, ജിജോ തൈപ്ലാവിൽ, നിജോ അലക്സാണ്ടർ, ജോവിൻസ് ജോയി, ശമൂവേൽ കെ ജോൺ, എബി അലക്സാണ്ടർ എന്നിവർ സമീപം.

കിഴവള്ളൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് വലിയ പള്ളിയിലെ സെന്റ് ഡൈയനേഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ഉദ്ഘാടനം കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം നിർവഹിച്ചു. ഇടവക വികാരി ഫാ. ജോൺ ഫിലിപ്പോസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഭദ്രാസന സെക്രട്ടറി ബിജു കൂടൽ, കേന്ദ്ര അസംബ്ലി അംഗം സജു ജോർജ്, ഭദ്രാസന ജോയിന്റ് സെക്രട്ടറി സഞ്ജു എം ജോർജ്, ഡിസ്ട്രിക്ട് കോഡിനേറ്റർ സുനിത മോനി വർഗീസ്, യൂണിറ്റ് വൈസ് പ്രസിഡന്റ് അഡ്വ. ഫിലിപ്പ് മാത്യൂസ്, ജോയിന്റ് സെക്രട്ടറി ലിൻസി സിബു എന്നിവർ പ്രസംഗിച്ചു.

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ അനുസ്മരണം



കോട്ടയം: SDOF ന്റെ ആഭിമുഖ്യത്തിൽ പ. ബസേലിയോസ് മാർത്തോമ്മ പൗലോസ് രണ്ടാമൻ അനുസ്മരണം ജൂലൈ 5-നു ഞായറാഴ്ച രണ്ടു മണിക്ക് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കും.

മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് മഹാഇടവകയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ 2026-27 പ്രവർത്തന വർഷത്തെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ സാമ്പത്തിക സഹായത്തിനായി നടത്തുന്ന ഫുഡ് സെയിലിന്റെ ഉദ്ഘാടനം 22-05-2026 വെള്ളിയാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം സെന്റ് തോമസ് പള്ളിയിൽ വെച്ച് ഇടവക വികാരി ഫാ. തോമസ് ജോസ്, റ്റിജു തോമസിനും കുടുംബത്തിനും നൽകി കൊണ്ട് നിർവഹിച്ചു. അസോസിയേറ്റ് വികാരി ഫാ. ലിജു തോമസ്, ഫുഡ്കൺവീനർമാരായ മോൻസി വർഗീസ്, ജോമി ജോൺ, ഫെലോഷിപ് സെക്രട്ടറി മാത്യു തോമസ് മെഴുവേലി ട്രഷറർ വിജി തോമസ് വൈദ്യൻ എന്നിവർ സന്നിഹിതരായിരുന്നു.

SDOF SUNDAY മൂന്നാം പതിപ്പ് കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ പ്രകാശനം ചെയ്തു. മാവേലിക്കര ഭദ്രാസന SDOF വൈസ് പ്രസിഡന്റും പുന്നമൂട് സെന്റ് ഗ്രീഗോറിയോസ് ഇടവക വികാരിയുമായ ഫാ. മാത്യു വി. തോമസ്, ഇടവക സെക്രട്ടറി ഷിബു ജോയി, പുന്നമൂട് യൂണിറ്റ് ഭാരവാഹികൾ എന്നിവർ സമീപം.

SDOF SUNDAY

Vol. 01, No. 04, 2026 June 14

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following

E-mail

sdofsunday@gmail.com

or

Whatsapp No.

7012270083

യൂണിറ്റ് രജിസ്ട്രേഷൻ ഉടൻ പൂർത്തീകരിക്കണം

എല്ലാ യൂണിറ്റുകളും ജൂൺ 15-നു മുമ്പ് നിർബന്ധമായും രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. നമ്മുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും സുതാര്യമായ മുന്നേറ്റത്തിനും ഇത് അത്യാവശ്യമാണ്

യൂണിറ്റ് രജിസ്ട്രേഷനുള്ള മൂന്ന് മാർഗ്ഗങ്ങൾ

1) ഭദ്രാസന സെക്രട്ടറിമാർക്ക് നേരിട്ട് സമർപ്പിക്കുക:
രജിസ്ട്രേഷൻ ഫോം
അംഗത്വ ലിസ്റ്റ്
രജിസ്ട്രേഷൻ ഫീസ് എന്നിവ സഹിതം .

2) ഓൺലൈൻ രജിസ്ട്രേഷൻ

താഴെ നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിച്ച് ഗൂഗിൾ ഫോം പൂരിപ്പിക്കുക:

https://docs.google.com/forms/d/e/1FAIpQLSf--19fEmwteJT_mxl5jpaOX25IBbVqyEmxsTfaiMeaXVKIVw/viewform??

ഫീസ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത്, ട്രാൻസാക്ഷൻ വിശദാംശങ്ങൾ ഫോമിൽ ചേർക്കണം.

3. തപാൽ വഴി
(Direct Submission to Secretary)

രജിസ്ട്രേഷൻ ഫീസ് ബാങ്ക് അക്കൗണ്ടിലേക്ക് അടച്ചതിനുശേഷം, താഴെ പറയുന്ന രേഖകൾ കേന്ദ്ര ജനറൽ സെക്രട്ടറി പേരിൽ നേരിട്ട് അയയ്ക്കണം:

രജിസ്ട്രേഷൻ ഫോം
അംഗത്വ ലിസ്റ്റ്
ഫീസ് അടച്ചതിന്റെ രസീത് (Transaction Details)

സെക്രട്ടറിയുടെ വിലാസം:

ഷിബു കെ. ഏബ്രഹാം
SDOF ജനറൽ സെക്രട്ടറി
മേരി കോട്ടേജ്
തുമ്പമൺ പി.ഒ
പത്തനംതിട്ട ജില്ല 689502
Mob: 94471118665

രജിസ്ട്രേഷൻ ഫീസ്

ഓരോ യൂണിറ്റും കേന്ദ്രത്തിലേക്ക് അടയ്ക്കേണ്ടത്

250 (ഇരുന്നൂറ് അൻപത് രൂപ) വീതമാണ്.

ഫീസ് താഴെ നൽകിയിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് അടയ്ക്കാവുന്നതാണ്.

ബാങ്ക് വിവരങ്ങൾ

Bank: State Bank Of India
Account Name: MOSC UNIT ST DIONYSIUS FELLOWSHIP
Account Number: 00000044474031974
IFS Code: SBIN0070820
MICR Code: 68600293
Branch: Devalokam, Kottayam

എല്ലാ യൂണിറ്റുകളും രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായി പാലിച്ച് സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് ഇത് ശക്തമായ അടിത്തറയാകും.

ബലഹീനമായതിനെക്കൊണ്ടു ബലം

(പെന്തിക്കോസ്തിക്കുശേഷം നാലാം ഞായർ)

വി. മത്തായി 14:14-23



ഗീവർഗീസ് മാർ പീലക്സിനോസ്

പ. ശ്ലീഹാ നോമ്പിന്റെ അനുഗ്രഹമായ ദിനങ്ങളാണിത്. സമവീക്ഷണ സുവിശേഷങ്ങളിലെല്ലാം പൊതുവായി കാണുന്ന അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അനേകായിരം ജനങ്ങളെ തൃപ്തരാക്കിയ അടയാളമാണ് ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗമായി വേർതിരിച്ചിരിക്കുന്നത് (വി. മത്തായി 14:14-23.). യേശുവിനെ പിൻപറ്റുന്ന അനേകായിരങ്ങളെക്കുറിച്ച് വി. സുവിശേഷങ്ങളിൽ ധാരാളമായി വിവരിക്കുന്നുണ്ട്. വി. ലൂക്കോ. 12:1-ൽ വായിക്കുന്നു 'പുരുഷാരം തമ്മിൽ ചവിട്ടുവാൻ തക്കവണ്ണം ആയിരംആയിരമായി തിങ്ങിക്കൂടി.' സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാർ ഉണ്ടായിരുന്ന (വാ. 21) ഒരു വലിയ ജനക്കൂട്ടത്തെയാണ് യേശു, അഞ്ചപ്പവും രണ്ടു മീനും കൊണ്ട് സമൃദ്ധിയായി ഭക്ഷിപ്പിച്ച്, ശേഷിച്ച കഷണം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തത്.

ക്രിസ്തുവിന്റെ മനസ്സലിവ് - യേശുക്രിസ്തുവിന്റെ ദയാതല്പരതയും വാത്സല്യവും അളന്നു തിട്ടപ്പെടുത്തുവാൻ സാധിക്കാത്തതാണ്. തന്റെ രക്ഷണ്യപ്രവർത്തനങ്ങളിൽ നിറഞ്ഞു നിന്നതും അതുതന്നെയാണ്. ദരിദ്രരോട് സുവിശേഷം അറിയിക്കുവാനും ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും നൽകുവാനാണ് കർത്താവ് മനുഷ്യാവതാരം ചെയ്തത്. ഇന്നത്തെ വി. വേദഭാഗത്തിൽ ഒരു വലിയ പുരുഷാരം ക്രിസ്തുവിന്റെ മനസ്സലിവിനു അർഹരായി (വാ. 14). രോഗികളെ സൗഖ്യമാക്കുകയും വിശന്നുവലഞ്ഞിരുന്ന ജനത്തിന് സമൃദ്ധമായ ഭക്ഷണം നൽകുകയും ചെയ്തു. യേശുവിനോടുള്ള ആത്മാർത്ഥമായ സ്നേഹവും ഭക്തിയുമാണ് ജനത്തിന്, ക്രിസ്തുവിന്റെ മനസ്സലിവ് ലഭിക്കുവാൻ കാരണമായത്.

1. പുരുഷാരത്തിനുവേണ്ടി - 'ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട് അവരെക്കുറിച്ച് മനസ്സലിഞ്ഞു' (വി. മത്തായി 9:36). 'പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടുകൂടെ പാർക്കുന്നു. അവരെക്കുറിച്ച് എനിക്ക് മനസ്സലിവ് തോന്നുന്നു' (വി. മത്തായി 15:32).

2. നിർഭാഗ്യർക്കുവേണ്ടി - രണ്ടു കുരുടന്മാരുടെ 'കർത്താവേ! ദാവീദുപുത്രാ, ഞങ്ങളോടു കരുണ തോന്നണമേ' (വി. മത്തായി 20:34) എന്ന നിർത്താതെയുള്ള നിലവിളി കേട്ടിട്ട് അവരോട് കർത്താവിനു മനസ്സലിവു തോന്നി; അവരുടെ കണ്ണു തൊട്ട് സൗഖ്യം നൽകി.

3. കുഷ്ഠരോഗിയുടെ കാര്യത്തിൽ - 'നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും, എന്ന് അപേക്ഷിച്ചു' (വി. മർക്കോസ് 1:41). കുഷ്ഠരോഗിയോടു യേശുവിനു മനസ്സലിവു തോന്നി, കൈനീട്ടി അവനെ തൊട്ടു, "മനസ്സുണ്ട്, ശുദ്ധമാക" എന്നു പറഞ്ഞു. ഉടനെ കുഷ്ഠം വിട്ടുമാറി അവന് ശുദ്ധി വന്നു.

4. കരഞ്ഞും ദുഃഖിച്ചും ഇരിക്കുന്നവരുടെ നിമിത്തം - വി. ലൂക്കോസ് 7:13 നയിൻ എന്ന പട്ടണത്തിൽ, വിധവയുടെ സങ്കടവും ദുഃഖവും കരച്ചിലും കണ്ടിട്ട്, അവളോടു മനസ്സലിവ് തോന്നി, അവളുടെ മരിച്ചുപോയ മകനെ ഉയിർപ്പിച്ചു. വി. യോഹ. 11:35 - മാർത്തയുടെയും മറിയയുടെയും കരച്ചിലും ദുഃഖവും കണ്ടിട്ട് മനസ്സലിഞ്ഞ ക്രിസ്തു അവരുടെ സഹോദരനായ ലാസറിനെ കല്ലറയിൽ നിന്നു ഉയിർപ്പിച്ചു.

യേശുക്രിസ്തുവിന്റെ മനസ്സലിവ് നേടാൻ കഴിയുക എന്നത് എല്ലാ വിശ്വാസികളുടെയും കടമയാണ്. നമ്മുടെ ആദ്ധ്യാത്മികചര്യകളെല്ലാം യേശുവിന്റെ മനസ്സലിവ് പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളാണ്. ലൗകികതയേക്കാൾ ആത്മീയത ഇഷ്ടപ്പെടുന്നവർക്കെല്ലാം മനസ്സലിവ് ലഭിക്കും. നമ്മുടെ പ്രാർത്ഥനയും കണ്ണുനീരും ആത്മാർത്ഥതയും സത്യസന്ധതയും ഉള്ളതാണെങ്കിൽ, ക്രിസ്തുവിന്റെ മനസ്സലിവ് ലഭിക്കുകയും നമ്മെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്ന അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുകയും ചെയ്യും.

എല്ലാവരും തിന്നു തൃപ്തരായി - യേശുവിനോടൊപ്പം ഉണ്ടായിരുന്ന ജനക്കൂട്ടം മുഴുവൻ ഒരേ ആഹാരമാണ് ഭക്ഷിച്ചത്. അഞ്ച് അപ്പവും രണ്ടു മീനും മാത്രമേ ആ ജനക്കൂട്ടത്തിന്റെ കൈവശം ഉണ്ടായിരുന്നുള്ളു. ആ അഞ്ച് അപ്പവും രണ്ടു മീനും എടുത്തു സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി നുറുക്കി, ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു (വാ. 19). അത് ഭക്ഷിച്ചാണ് തൃപ്തരായി എന്നു വെളിപ്പെടുത്തുന്നത്.

അവരുടെ പക്കൽ മറ്റൊന്നും ഇല്ലായിരുന്നു. അവർക്ക് അവകാശപ്പെടുവാനും ഒന്നുമില്ലായിരുന്നു. ഭക്ഷണം വാങ്ങുവാനോ പാചകം ചെയ്യുവാനും ഒന്നും നിവൃത്തിയില്ലാത്ത ഇടമായിരുന്നു. നിർജ്ജനമായൊരു സ്ഥലവും, പട്ടണങ്ങളിൽ നിന്നു കാൽനടയായി യേശുവിന്റെ പിന്നാലെ ചെന്നതുമാണ്. ഒന്നുമില്ലായിരുന്ന ജനം, ഒന്നുമല്ലാതിരുന്നവർ, പട്ടിണിയായി കഴിയുമ്പോൾ അവർക്ക് കിട്ടുന്നതെന്തും തൃപ്തിയായി ഭക്ഷിക്കും. ജനത്തിന്റെ നിസ്സഹായവസ്ഥയും ഒന്നുമില്ലായ്മയും അവർക്ക് ബോധ്യമായി. പട്ടിണി മാത്രമാണ് സാധ്യത എന്നു വിചാരിച്ചു തുടങ്ങിയപ്പോഴാണ് അദ്ഭുതകരമായി ഭക്ഷണം അവരുടെ മുമ്പിൽ എത്തിയത്. അവിടെ വ്യത്യസ്ത രുചികൾക്കോ വിവിധ തരങ്ങൾക്കോ വഴിയില്ല. വിശപ്പടക്കുക എന്നതു മാത്രമാണ് അവരുടെ ലക്ഷ്യം. വിശന്നു വലഞ്ഞിരിക്കുമ്പോൾ ലഭിക്കുന്നതെന്തും നമുക്ക് തൃപ്തിയായിരിക്കും.

നമ്മുടെ ജീവിതത്തിൽ വലിയ സന്ദേശം നൽകുന്നതാണിത്. ജീവിതത്തിലും അനുഭവങ്ങളിലും തൃപ്തിവരാതിരിക്കുന്നതിന്റെ കാരണം, നമുക്ക് അവകാശപ്പെടുവാൻ എന്തൊക്കെയോ ഉണ്ട് എന്നുള്ള മൂഢമായ ചിന്തയാണ്. വിദ്യാഭ്യാസം, കുടുംബമഹിമ, പാരമ്പര്യം, സാമ്പത്തികബലം, സൗന്ദര്യം തുടങ്ങിയവയൊക്കെ നമുക്ക് അവകാശപ്പെടുവാൻ ഉണ്ടെന്നുള്ള ചിന്തയും ധാരണയും നമ്മുടെ ഉള്ളിൽ നിന്നു ഉപേക്ഷിക്കണം. അപ്പോൾ നാം അനുഭവിക്കുന്നതെല്ലാം തൃപ്തിയായി സ്വീകരിക്കുവാൻ നമുക്ക് കഴിയും.

ബലഹീനമായവയെ കൊണ്ടു ബലം - മനുഷ്യന്റെ പരിമിതമായ കഴിവുകളും സമർപ്പണവും ദൈവം വലിയ അടയാളങ്ങളാക്കി മാറ്റുന്നു. സമർപ്പിക്കുന്നതിന്റെ യഥാർത്ഥ അർത്ഥവും പൊരുളും മനസ്സിലാക്കിയാണ് ദൈവം ഇടപെടുന്നത്. വി. വേദപുസ്തകത്തിൽ ബലഹീനമായ വസ്തുക്കളെയും ഹേതുക്കളേയും ദൈവം രൂപാന്തരപ്പെടുത്തുന്ന ധാരാളം അനുഭവങ്ങളും സംഭവങ്ങളും ഉണ്ട്. അതിൽ ഒന്നാണ് വി. വേദഭാഗത്തിലെ അഞ്ച് അപ്പവും രണ്ട് ചെറിയ മീനും (വാ. 17). സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാർ ഉണ്ടായിരുന്നു. ജനത്തിന്റെ കൈവശം ആകെ ഉണ്ടായിരുന്നത് അഞ്ച് അപ്പവും രണ്ടു മീനും മാത്രമായിരുന്നു. ആ ബലഹീനമായവയെ കൊണ്ടാണ് കർത്താവ് ബലം ഉണ്ടാക്കിയത്.

ഒരു ചെറിയ അപ്പവും ഒരു തുരുത്തി വെള്ളവും (ഉൽപ്പത്തി 21:14), മോശ

യുടെ കൈയിലിരുന്ന വടി (പുറ. 4:2), ശിംശോൻ കഴുതയുടെ പച്ചത്താടിയെല്ലു എടുത്ത് അതുകൊണ്ട് ആയിരംപേരെ കൊന്നുകളഞ്ഞു (ന്യായ. 15:15), ദാവീദ് തോട്ടിൽ നിന്നു എടുത്ത മിനുസമുള്ള കല്ല് (1 ശമു. 17:40, 49), ഒരു പിടി മാവും ഒരു തുരുത്തിയിൽ അല്പം എണ്ണയും (1 രാജാ. 17:12), ഒരു ഭരണി എണ്ണ (2 രാജാ. 4:2), ഒരു ഒഴിഞ്ഞ കലവറ (വി. ലൂക്കോ. 11:6), ദരിദ്രന്റെ ചെറിയ വഴിപാട് അംഗീകരിക്കുന്നു (ലേവ്യ 14:21, 22), വിധവയുടെ രണ്ടു കാശ് വിലമതിക്കുന്നു (വി. മർക്കോ. 12:42-44), ഒരു പാത്രം പച്ചവെള്ളത്തെ ആദരിക്കുന്നു (വി. മത്താ. 10:42), വിശ്വാസം കടുകുമണി സമാനമെങ്കിലും ശക്തിയേറിയത് (വി. മത്താ. 17:21), ക്രിസ്തുവിന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ കൂടി വന്നാലും ദൈവസാന്നിദ്ധ്യം ലഭിക്കുമെന്ന് വാഗ്ദാനം (വി. മത്താ. 18:20).

മനുഷ്യന്റെ പരിമിത കഴിവുകളേയും സ്ഥിതിയേയും അറിഞ്ഞ് ദൈവം കൃപ കാണിക്കുന്നു.

ക്രിസ്തുവിന്റെ രഹസ്യപ്രാർത്ഥന - വാ. 23 'അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർത്ഥിക്കുവാൻ തനിയെ മലയിൽ കയറിപ്പോയി, വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു.' ക്രിസ്തുവിന്റെ രഹസ്യപ്രാർത്ഥന വി. വേദപുസ്തകത്തിൽ പ്രസിദ്ധമാണ്. രക്ഷണ്യപ്രവൃത്തികൾ ഇടതടവില്ലാതെ നിൽവ്വഹിക്കുമ്പോഴും പിതാവിനോട് സംസാരിക്കുവാനും പ്രാർത്ഥിക്കുവാനും യേശു സമയം കണ്ടെത്തിയിരുന്നു. പ്രാർത്ഥനയുടെ കൂടുതൽ സമയവും രഹസ്യപ്രാർത്ഥനയായിരുന്നു. തനിയെ വേറിട്ട് പോയി പ്രാർത്ഥിക്കുന്നതായി വിശദീകരിക്കുന്ന വി. വേദഭാഗങ്ങൾ ഉണ്ട്. ശിഷ്യന്മാരെയും ജനങ്ങളെയും എല്ലാം ഒഴിവാക്കി തനിയെ ഇരിക്കുവാനും പ്രാർത്ഥിക്കുവാനും യേശു സമയവും സ്ഥലവും കണ്ടെത്തി. ക്രിസ്തുവിന്റെ രഹസ്യപ്രാർത്ഥനയും ധ്യാനവും നടന്ന സമയവും അവസരങ്ങളും നമുക്ക് ലഭ്യമാണ്.

1. പ്രഭാതത്തിൽ - വി. മർക്കോസ് 1:35.
2. വൈകുന്നേരം - വി. മർക്കോസ് 6:46, 47.
3. ഏകാന്തതയിലുള്ള പ്രാർത്ഥന - വി. ലൂക്കോസ് 5:15, 16.
4. രാത്രി മുഴുവനുമുള്ള പ്രാർത്ഥന - വി. ലൂക്കോസ് 6:12.
5. ശിഷ്യന്മാർ മാത്രം അടുത്തുള്ളപ്പോൾ - വി. ലൂക്കോസ് 9:18.
6. ഗെത്ത്ശെമന തോട്ടത്തിൽ വച്ച് - വി. ലൂക്കോസ് 22:41, 42.

രഹസ്യപ്രാർത്ഥനയും ഏകാന്തപ്രാർത്ഥനയും ശീലമാക്കുവാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. ❑

കോന്നി സെന്റ് ജോർജ്ജ് മഹാ ഇടവക സെൻറ് ഡയനേഷ്യസ് ഓർത്ത ഡോക്സ് ഫെലോഷിപ്പിന്റെ പ്രവർത്തക സമ്മേളനം കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ എബ്രഹാം ഉദ്ഘാടനം ചെയ്യുന്നു. വികാരി ഫാ. ജോർജ് ഡേവിഡ്, അസി. വികാരി ഫാ. ടിജു തോമസ്, ട്രസ്റ്റി ജേക്കബ് സാമുവേൽ യൂണിറ്റ് സെക്രട്ടറി സുനിത വർഗീസ് എന്നിവർ സമീപം.

തുമ്പമൺ മർത്തമറിയം ഭദ്രാസന ദേവാലയത്തിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് ആരംഭിച്ച സ്നേഹകരം പദ്ധതിയുടെ ഉദ്ഘാടനം പുന്നക്കുന്ന് ബെദ്സേഥാ മിഷൻ ഹോമിൽ സെൻറ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം നിർവഹിക്കുന്നു. പി. ജി. സാംകുട്ടി, ഫാ. ജിജി സാമുവൽ, അജി ടി. ജോർജ്, ഫാ. സന്തോഷ് ജോർജ്, ഫാ. ലിജിൻ ഏബ്രഹാം, ഷീല സുനു, അജിത റോയി, ടീന ജോബി തുടങ്ങിയവർ സമീപം.

വൈഎംസിഎ തമിഴ്നാട് വെല്ലൂർ യെല്ലഗിരി പ്രോജക്ട് ഉപാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ഉമ്മൻ ജോൺ. പുന്നമൂട് വൈഎംസിഎ സ്ഥാപക സെക്രട്ടറിയാണ്. മലങ്കര ഓർത്തഡോക്സ് സഭാ മുൻ മാനേജിംഗ് കമ്മിറ്റി അംഗമാണ്. ഇപ്പോൾ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ് കേന്ദ്ര ട്രഷറർ ആയി പ്രവർത്തിച്ചു വരുന്നു.

SDOF കളമശ്ശേരി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ക്രിസ്ത്യൻ പിന്തുടർച്ചവകാശം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നടത്തി. കേരള ഹൈക്കോടതി അഭിഭാഷകൻ അഡ്വ. ജോസഫ് പി. അലക്സ് ക്ലാസ്സ് നയിച്ചു. ഇടവക വികാരി ഫാ. ബിനോയ് വർഗ്ഗീസ് പരിയാത്ത്, SDOF ആലുവ മേഖല സെക്രട്ടറി കോശി ജോൺ, യൂണിറ്റ് സെക്രട്ടറി നിവിൻ ബാബു എന്നിവർ പ്രസംഗിച്ചു.

അട്ടച്ചാക്കൽ മാർ പീലക്സീനോസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ SDOF പ്രവർത്തകർ ഇടവകയോട് ചേർന്ന് ആരംഭിച്ച പുഷ്പ കൃഷി 500 മൂട് ജമന്തി തൈകൾ നട്ടുകൊണ്ട് വികാരി ഫാ. അഖിൽ പി. സാമിന്റെ നേതൃത്വത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ബിബിൻ ബിജോയി, ഭദ്രാസന സെക്രട്ടറി ബിജു കൂടൽ, ഭദ്രാസന കൗൺസിൽ അംഗം അനി എം. ഏബ്രഹാം, പ്രാർത്ഥനായോഗം ഭദ്രാസന സെക്രട്ടറി സജു ജോർജ്, യൂത്തിറ്റ് വൈസ് പ്രസിഡന്റ് പൊന്നച്ചൻ, സെക്രട്ടറി പ്രിൻസി സണ്ണി, ട്രഷറർ ഏബ്രഹാം മേലൂട്ട്, മിനി വർഗ്ഗീസ് തുടങ്ങിയവർ സമീപം

ഡിഎൽഎഡ് അപേക്ഷ ക്ഷണിച്ചു

മാവേലിക്കര: തഴക്കര എം.എസ്.എസ്.ടി.ടി.ഐ യിൽ 2026-2028 വർഷത്തെ ഡിഎൽഎഡ് കോഴ്സിന് അപേക്ഷ നേരിട്ട് ക്ഷണിക്കുന്നു അവസാന തിയതി 15/06/2026. **കൂടുതൽ വിവരങ്ങൾക്ക് 9447364516, 9446923219.**

വി. സഭയും പാരമ്പര്യവും

ഫാ. ഡോ. റെജി മാത്യു

പലരും ഓർത്തഡോക്സ് സഭകളെ പാരമ്പര്യസഭ എന്ന് വിളിക്കാറുണ്ട്. ഇത് മിക്കപ്പോഴും ഈ സഭകളുടെ ദീർഘ ചരിത്രവും പൈതൃകവും കണക്കിലെടുത്താണ്. എന്നാൽ ഇതിന് വിപരീതമായും ചിലർ ചിന്തിക്കാറുണ്ട്. അവർ ഇതിനെ വ്യാഖ്യാനിക്കുന്നത് പ്രയോഗലുപ്തമായ പുതിയ കാലത്തിന് എതിരായ ഒന്നായിട്ടാണ്. മറ്റു ചിലർ വി. വേദപുസ്തകത്തിൽ അവിടുന്നും ഇവിടുന്നും ചില പരാമർശങ്ങൾ എടുത്ത് സഭാ പാരമ്പര്യത്തിന് എതിരായി വ്യാഖ്യാനിക്കാറുണ്ട്. എന്നാൽ ഈ രണ്ട് ചിന്താധാരകൾക്കും ഇടയിൽനിന്ന് വളരെ ദീർഘവും സൂക്ഷ്മവുമായ ഒരു പ്രതിപാദനം ആവശ്യമാണ്.

പാരമ്പര്യം എന്നാൽ എന്താണ്?

പാരമ്പര്യം എന്നതിന്റെ മൂലം ഒരാളിൽനിന്ന് മറ്റൊരാളിലേയ്ക്ക് "കൈമാറുക", എന്നതാണ്. റിലേ ഓട്ടത്തിൽ കൈമാറുന്ന ദണ്ഡിനോടുപമിക്കാം. എന്നാൽ പൗലോസ് ശ്ലീഹാ സ്പഷ്ടമായി പറയുന്നു തനിക്ക് ലഭിച്ചവ താൻ കൈമാറുന്നു എന്ന് (1 കൊരി 11:2, 23; 15.1, 3).

ഓരോ ഓർത്തഡോക്സ് വിശ്വാസിയും തനിക്ക് ലഭിച്ച ആദ്ധ്യാത്മിക പൈതൃകം എന്തെന്ന് എണ്ണിയാൽ വളരെ കാണും. എന്നാൽ അവയെ പ്രധാനമായ 5 ശീർഷകങ്ങളിൽ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുകയാണ്.

1. വേദഗ്രന്ഥാനുസരണ പൈതൃകം

പൈതൃകമായി ലഭിച്ച വേദചുരുളുകളാണ് എറ്റവും പ്രധാനം. ഇതിൽ ആദ്യ ഭാഗം പഴയനിയമകാലത്തെതാണ്. യഹോവയിൽനിന്ന് വാഗ്ദാനങ്ങൾ ലഭിച്ച വിശ്വാസികളുടെ പിതാവ് അബ്രഹാമിൽ ഇതിന് ആരംഭം കുറിക്കുന്നു. അവൻ ബിംബങ്ങളെയും അന്ധവിശ്വാസങ്ങളെയും ഉപേക്ഷിച്ച് ജീവനുള്ള ദൈവത്തെ പിൻപറ്റുവാൻ പരിശീലിച്ചു. അബ്രഹാമിനു ശേഷം യിസഹാക്ക്, യാക്കോബ്, യോസഫ് മുതലായവരിലൂടെ തുടർന്ന് മോശയും ന്യായാധിപന്മാരും ഇസ്രായേൽ രാജാക്കന്മാരും കഴിഞ്ഞ് പ്രവാചകന്മാരിൽ പ്രമുഖരായവരിലൂടെ കടന്ന് പോകുന്ന പഴയ നിയമകാലം ഏറെ സമ്പുഷ്ടമാണ്.

സുവിശേഷങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ലഭിക്കുന്ന വളരെ ഗൗരവമായ മറ്റൊരു പുതിയനിയമ പാരമ്പര്യം നമുക്കുണ്ട്. ഇത് മുൻപുള്ളതിലും പ്രാധാന്യമുള്ളതാണ്. കാരണം പഴയനിയമത്തിൽ മറവായിരുന്ന ക്രിസ്തുവിനെക്കുറിച്ച് ഇവിടെ വെളിവായി കാണുന്നു. ഇങ്ങനെ തലമുറകൾ കൈമറിഞ്ഞ് ലഭിച്ചിരിക്കുന്ന ശക്തമായ ഒരു വിശ്വാസമാണിത്. ഇതിനെ നമുക്ക് വേദഗ്രന്ഥാനുസരണമായ പൈതൃകം എന്ന് വിളിക്കാം. പുതിയ നിയമത്തിൽ കാണുന്ന 27 ഗ്രന്ഥങ്ങൾ ഏതൊക്കെയാണെന്നതിനെപ്പറ്റി അന്ത്യതീർപ്പു കല്പിച്ചത് അലക്സാന്ത്രിയായിലെ വി. അത്താനാസിയോസാണ്. പാരമ്പര്യമില്ല എന്നു പറയുന്ന സഭകൾ പോലും വേദപുസ്തകത്തെ സംബന്ധിച്ച് ഈ പാരമ്പര്യമാണ് ഇന്ന് പിൻതുടരുന്നത്. ഇത് കുടുംബത്തിനും വ്യക്തി ജീവിത്തിനും മുതൽക്കൂട്ടാകുന്ന അമൂല്യ നിധിയായി കാത്തുസൂക്ഷിക്കാം.

2. വിശ്വാസപരവും സിദ്ധാന്തപരവുമായ പൈതൃകം

പുതിയനിയമ കാലം മുതൽ തുടങ്ങിവന്ന് ആദ്യ 5 നൂറ്റാണ്ടുകളിലെ പൊതുസുന്നഹദോസുകളിലൂടെ നാം കൈമുതലാക്കുന്ന ആദ്യകാല സഭയുടെ ചിന്തകളും ആധികാരിക പ്രഖ്യാപനങ്ങളും വിശ്വാസപരവും സിദ്ധാന്തപരവുമായ പൈതൃകത്തിൽ ഉൾപ്പെടുന്നു. ദൈവ സ്വഭാവം, യേശുക്രിസ്തുവിന്റെ സ്വഭാവം, പരിശുദ്ധ റൂഹായുടെ ആളത്വം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

ഇന്ത്യയിലെ സഭാ സ്ഥാപകൻ തോമാശ്ലീഹാ യേശുവിനെക്കുറിച്ച്. "എന്റെ കർത്താവും എന്റെ ദൈവവും" എന്ന് സാക്ഷിത്വം നൽകി. എന്നാൽ പിന്നീട് വന്ന പല തെറ്റായ പഠിപ്പിക്കലുകളും കൂടുതൽ വിഷയപരമായ ദീർഘ പഠനങ്ങൾക്ക് നിർബന്ധിക്കുന്നതായിരുന്നു. ഉദാഹരണത്തിന് 4-ാം നൂറ്റാണ്ടിലെ ഒരു പുരോഹിതൻ കൂടിയായിരുന്ന അറിയൂസിന്റെ "ക്രിസ്തു പിതാവാം ദൈവത്തെക്കാൾ ഒരു പടി താണവൻ" എന്ന ഉപദേശമാണ് നിഖ്യാ സുന്നഹദോസ് (എ.ഡി. 325) വിളിച്ച് കൂട്ടുന്നതിന് പ്രേരിതമായത്. അതിൽ നിന്ന് ഉത്ഭൂതമായ 'നിഖ്യാ വിശ്വാസപ്രമാണം' ഏറ്റു പറയുന്നതിലൂടെ നാം നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം തലമുറകളായി പരിപാലിക്കുന്നു.

3. ആരാധനാപരമായ പൈതൃകം

മൂന്നാമത്തെ പൈതൃകം ആരാധനപരമായ പൈതൃകമാണ്. ഓർത്തഡോക്സ് സഭയുടെ ആരാധന സത്യവിശ്വാസ ആരാധന എന്നാണ് അറിയപ്പെടുന്നത്. ഗ്രീക്ക് ഭാഷയിൽ "ഓർത്തോ" എന്നാൽ ശരിയായത് എന്നും "ഡോക്സാ" എന്നാൽ സ്തുതി, മഹത്വം എന്നുമാണ് അർത്ഥം. ആകയാൽ ഓർത്തഡോക്സ് എന്നത് ശരിയായ സ്തുതിപ്പ് എന്ന് തർജ്ജമ ചെയ്യാം. ഓർത്തഡോക്സ് സഭയെ "സ്തുതി ചൊവ്വാക്കപ്പെട്ട സഭ" എന്നു പറയുന്നത് ഇക്കാരണത്താലാണ്.



നമ്മുടെ ആരാധന എന്നാൽ കേവലം കുറച്ച് അപേക്ഷകൾ മാത്രമല്ല മറിച്ച് മാലാഖമാരെ പോലെ ദൈവിക നടത്തിപ്പുകളെയും കരുതലുകളെയും പ്രതി സ്തുതികളർപ്പിക്കുക കൂടിയാണ്. നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി മാത്രമുള്ള പ്രാർത്ഥന അല്ല നമ്മുടെ ആരാധന. മറിച്ച് സഹജീവികൾക്കും പ്രകൃതിക്കും നാമുമായ് ബന്ധപ്പെടുന്ന എല്ലാറ്റിനും വേണ്ടി ഉള്ളതാകുന്നു. ഈ രീതിയിൽ ഒരു ആരാധന പുതിയ നിയമകാലം മുതലേ ആരംഭിച്ചു (മർക്കോസ് 14:17-31; 1 കോരി. 11; 17-34). എന്നാൽ ഇന്ന് കാണുന്ന ഈ ആരാധന ക്രമം നൂറ്റാണ്ടുകളായി പിതാക്കന്മാരിലൂടെ രൂപം പ്രാപിച്ചതാണ്. ഇന്ന് പല ഇതര സഭകളും ഓർത്തഡോക്സ് സഭയുടെ ആരാധന രീതിയെ അഭിനന്ദിക്കുകയും നമ്മുടെ ആരാധനയുടെ ചില ഘടകങ്ങൾ അവർ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആകയാൽ ഒരു ഓർത്തഡോക്സ് വിശ്വാസിയുടെ ജീവിതം അവന്റെ ആരാധന പാരമ്പര്യത്തിൽ നിന്ന് യാതൊരു വിധത്തിലും വിഭിന്നമായി കാണുവാൻ സാധിക്കുകയില്ല.

4. ആചാരങ്ങളും ശീലങ്ങളും

പാരമ്പര്യത്തെ കുറിച്ച് പറയുമ്പോൾ നാലാമതായി പറയുവാൻ ആഗ്രഹിക്കുന്നത് ആചാരങ്ങളെയും ശീലങ്ങളെയും കുറിച്ചാണ്. ഉദാഹരണത്തിന് കുഞ്ഞുങ്ങൾക്ക് ആത്മീക ശിക്ഷണം നൽകുന്നത്, വിവാഹകൂദാശ - ശവസംസ്കാരം ഇവയുടെ ഒക്കെ രീതികളാണ് ഇവ ദേശാന്തരീകമായ വ്യത്യാസങ്ങളോടെയാണ് അനുഷ്ഠിച്ച് വരുന്നത്; കാലദേശ വ്യത്യാസങ്ങൾ കണക്കിലെടുത്താണ് പിൻതുടരുന്നത്.

5. സമ്പ്രദായങ്ങളും മൂല്യങ്ങളും

ഓരോ വിശ്വാസിയുടെയും സമ്പ്രദായങ്ങളും സ്വഭാവങ്ങളും മൂല്യങ്ങളും തലമുറയായ് കൈമാറി വരുന്ന പാരമ്പര്യത്തിന്റെ ഭാഗമാണ്. ഇതിൽ വേദപുസ്തക രചനകാലം മുതൽ പിൻതുടർന്ന് വരുന്നവയും ഉണ്ട്. ചിലതൊക്കെ കാലകാലങ്ങളായ് പിൻതുടർന്ന് വരുന്നവയാണ്. ഉദാഹരണത്തിന് "കഷ്ടതയുടെ നടുവിലുള്ള ദൈവീക സന്തോഷം" എന്നത് ഒരു ക്രിസ്തീയ പാരമ്പര്യമാണ്.

ക്രിസ്തു തന്റെ പൂർവ്വ പിതാക്കന്മാരുടെ പാരമ്പര്യം പിൻതുടർന്നുവോ?

ഓർത്തഡോക്സ് സഭയേയും സഭയുടെ പാരമ്പര്യത്തെയും വിമർശിക്കുന്നവർ സാധാരണ ചോദിക്കാറുണ്ട് ക്രിസ്തു പാരമ്പര്യങ്ങൾ കാത്തുസൂക്ഷിച്ചിരുന്നുവോ എന്ന്?

ഒരു യഹൂദഗ്രാമമായ നസ്രേത്തിൽ വളർന്നവനായ ക്രിസ്തു ഒരു യഹൂദനായി തന്നെയാണ് ജീവിച്ചത്. അദ്ദേഹം എട്ടാം ദിവസം പരിച്ഛേദനയേറ്റു; എല്ലാ

പ്രധാന പെരുന്നാളുകൾക്കും ഗലീല മുതൽ യേരുശലേം വരെയുള്ള ദീർഘ ദൂരം യാത്ര ചെയ്ത് യെരുശലേം ദേവാലയത്തിൽ പോയി സംബന്ധിച്ചിരുന്നു. എല്ലാ ശാബത് ദിവസങ്ങളിലും സുന്നഗോഗ് ആരാധനയിൽ സംബന്ധിച്ചിരുന്നു. അവിടെ തന്റെ മുൻഗാമികൾ ചെയ്തു വന്നിരുന്നതുപോലെ പഴയ നിയമഭാഗം വായിക്കുകയും അവയെ വ്യാഖ്യാനിക്കുകയും ചെയ്തു; ദേവാലയ നികുതി അടച്ചിരുന്നു; തന്റെ മരണശേഷം യഹൂദ ശവസംസ്കാര മുറ അനുസരിച്ച് തന്നെ സംസ്ക്കാരം ചെയ്യപ്പെടുകയും ചെയ്തു.

അതുകൊണ്ട് നമുക്ക് ചുരുക്കത്തിൽ വ്യക്തമായി പറയുവാൻ സാധിക്കും – ക്രിസ്തു പാരമ്പര്യങ്ങൾ അനുഷ്ഠിച്ചിരുന്നു എന്നും, തന്റെ പൂർവ്വികരുടെ പാരമ്പര്യങ്ങളെ ബഹുമാനിച്ചിരുന്നു എന്നും, എന്നാൽ അതേ സമയം തന്നെ തെറ്റായ അനുഷ്ഠാനങ്ങളെയും രീതികളെയും താൻ ചോദ്യം ചെയ്തു വന്നിരുന്നു. പരീശന്മാരുടെയും സാദൂക്യരുടെയും വ്യാഖ്യാന രീതിക്ക് എതിരെ ശക്തമായി പ്രതികരിച്ചിരുന്നു. ക്രിസ്തുവിന് നിർബന്ധമായിരുന്നു. ''വചനം മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുന്നത് ആകണം. അല്ലാതെ അകറ്റുന്നതാകരുത് എന്ന്''. അർത്ഥമില്ലാത്ത അപ്രസക്തമായ അനുഷ്ഠാനങ്ങൾക്ക് ക്രിസ്തു വലിയ ശ്രദ്ധ നൽകിയിരുന്നില്ല. അതിന് ഉദാഹരണങ്ങളാണ് ഭക്ഷണത്തിന് മുമ്പുള്ള നിർബന്ധമായ കൈ കഴുകൽ, പൊതു സ്ഥലങ്ങളിൽ വച്ചുള്ള സഹായ വിതരണം (മർക്കോ 7:1– 9)

ഇവ എല്ലാം വ്യക്തമായി നമ്മോട് പറയുന്നത്, പാരമ്പര്യങ്ങളിലെ നല്ല അംശങ്ങൾ ക്രിസ്തു എപ്പോഴും മാനിച്ചിരുന്നു എന്നുള്ളതാണ്. എന്നാൽ അതേസമയം സാദൂക്യരുടെയും പരീശന്മാരുടെയും കള്ള പ്രമാണങ്ങൾക്കും പൊള്ളയായ അനുഷ്ഠാനങ്ങൾക്കും എതിരായി ഉറച്ച നിലപാടുകൾ യേശു സ്വീകരിച്ചിരുന്നു.

മതം മറ്റുള്ളവന്റെ മുമ്പിൽ കാഴ്ച വസ്തുവാക്കേണ്ടുന്ന ഒരു സംഗതിയല്ല മറിച്ച് സാധാരണക്കാരനായ മനുഷ്യനെ ദൈവത്തിങ്കലേയ്ക്ക് അടുപ്പിക്കുന്ന ഉപാധിയാണ് മതം എന്നും യേശു പഠിപ്പിച്ചു.

നമുക്ക് നമ്മുടെ പൂർവ്വികരുടെ പാരമ്പര്യങ്ങൾക്ക് മാറ്റം വരുത്തുവാൻ സാധിക്കുമോ? – പൂർവ്വികരുടെ പാരമ്പര്യങ്ങൾ മാറ്റി കുറിക്കുവാൻ കഴിയുമോ?

ഇത് ഏറെ ചിന്തനീയം എന്നാൽ വളരെ സങ്കീർണ്ണവുമായ ഒരു ചോദ്യമാണ്. ഇതിനുള്ള മറുപടിക്കായി ക്രിസ്തുവിലേയ്ക്ക് തന്നെ നോക്കാം. യേശു പ്രവാചകന്മാരെയും നിയമങ്ങളെയും അനുസരിച്ചു, യേരുശലേം ദേവാലയ സന്ദർശനവും – സുന്നഗോഗ് ആരാധനയിലെ പങ്കാളിത്തവും വേദവായനയും യേശുവിന് പതിവായിരുന്നു. മോശയും ഏലിയാവും അനുഷ്ഠിച്ചതുപോലെ 40 ദിവസത്തെ നോമ്പ് അനുഷ്ഠാനവും എല്ലാം മാറ്റം കൂടാതെ അനുഷ്ഠിച്ച് പോന്നു. എന്നാൽ അതേ സമയം താൻ ചില പാരമ്പര്യങ്ങൾ പൊളിച്ചെഴുതി; കാരണം ഇങ്ങനെയുള്ള ചില പാരമ്പര്യങ്ങളും ആചാരങ്ങളും പൊയ്മുഖങ്ങൾ സൃഷ്ടിക്കുവാനും കപടത വർദ്ധിപ്പിക്കുവാനും മാത്രമേ ഉപകരിക്കൂ.

ഇതുപോലെ നാമും ചില പൊളിച്ചെഴുത്തുകൾ നടത്തേണ്ടത് അനിവാര്യമാണ് എന്നാൽ നാം കാത്തു സൂക്ഷിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമായ ചില പാരമ്പര്യങ്ങളും രീതികളും നമുക്കുണ്ട്. നാം ആദ്യം ചിന്തിച്ച രണ്ട് ഗണത്തിൽപ്പെടുന്ന പാരമ്പര്യങ്ങൾ (വേദപുസ്തകപരവും വിശ്വാസപരവുമായവ) നാം സംരക്ഷിക്കേണ്ടവയാണ്. അവ വളരെ അടിസ്ഥാനപരവും ഗുണലക്ഷണപരവുമാണ് (ethos). അവയിൽ ഒന്നും നമുക്ക് കൂട്ടിച്ചേർക്കുവാനോ, ഒട്ടും തന്നെ കുറക്കുവാനോ സാധിക്കുകയില്ല. എന്നാൽ കാല-ദേശ ഭാഷാ സംസ്കൃതികൾക്ക് അനുസരിച്ച് അവയെ തർജ്ജമ ചെയ്തു കൊടുക്കുവാൻ നാം ബാധ്യസ്തരാണ്. ആശയ വിനിമയ രംഗത്തെ പുത്തൻ സൗകര്യങ്ങൾ നാം ഇതിനായി വിനിയോഗിക്കേണ്ടതാണ്.

എന്നാൽ 3 ഉം 4 ഉം ഗണത്തിൽ മേൽ വിവരിച്ച പാരമ്പര്യങ്ങൾക്ക് മാറ്റം സാദ്ധ്യമാണ്. വളരെ അർത്ഥ സമ്പന്നമായ ഒരു ആരാധന പാരമ്പര്യം നമുക്ക് കൈമുതലായി ഇരിക്കേ അവയെ നാം ജീവിക്കുന്ന നമ്മുടെ സാംസ്കാരിക സാമൂഹിക പശ്ചാത്തലത്തിൽ എത്രമാത്രം സംവേദന ക്ഷമമാക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

സംശയം ഇല്ലാതെ നമുക്ക് പറയാൻ കഴിയും ഇവ രൂപം പ്രാപിച്ച് വന്ന മദ്ധ്യപൂർവ്വ പൗരസ്ത്യദേശത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ അനേക ഘടകങ്ങളുടെ സ്വാധീനം ഇവയിൽ വന്നിട്ടുണ്ട്. എന്നാൽ ഇവയിലെ അടിസ്ഥാന വിശ്വാസപരമായ സത്യങ്ങൾക്ക് ആരാധന പരമായ മൂല്യങ്ങൾക്കും യാതൊരു വീഴ്ചയും വിഘ്നവും വരുത്താതെ നമ്മുടെ ഇന്ത്യൻ സംസ്കൃതിക്ക് ചേരും വിധം അവയെ ഒന്ന് പുനർക്രമീകരിക്കുക എന്നത് ശ്രമകരമാണ്.

ഈജിപ്ഷ്യൻ ആരാധന അറബിയിലാണ്. അവയിൽ സംബന്ധിക്കുമ്പോൾ ഒരു പക്ഷേ നമുക്ക് തോന്നിപോകും നാം ഏതോ മുസ്ലീം പള്ളിയിലാണ് നിൽക്കുന്നത് എന്ന്. എന്നാൽ അങ്ങനെയല്ല. അവർ അവരുടെ പൂർവ്വികരുടെ പാരമ്പര്യങ്ങൾക്കോ അനുഷ്ഠാനങ്ങൾക്കോ വിശ്വാസങ്ങൾക്കോ എതിരല്ല. അതുപോലെ സ്വന്ത ഭാഷയിൽ സ്വന്തം നാടിന്റെ സാമൂഹിക സാസ്കാരിക പാരിസ്ഥിതികൾക്ക് അനുസൃതമായി അവയെ ഉൾക്കൊള്ളാൻ ഒരു ശ്രമം അനുപേക്ഷണിയമാണ്.

നാലാമത്തെ ഗണത്തിൽ നാം വിവരിച്ച പാരമ്പര്യങ്ങളായ സമ്പ്രദായങ്ങൾക്കും മൂല്യങ്ങൾക്കും ഒരോ വിശ്വാസിയുടെയും ജീവിത സാഹചര്യങ്ങൾക്ക് അനുസരിച്ച് മാറ്റം ആവശ്യമാണ്. ഉദാഹരണത്തിന് വേഷം മുൻകാലങ്ങളിൽ ക്രിസ്ത്യൻ സ്ത്രീകൾ ചട്ടയും മുണ്ടും ധരിച്ചിരുന്നു. എന്നാൽ ഇന്ന് എല്ലാവരും സാരിയിലേക്കും മറ്റ് പുതുയുഗ വസ്ത്ര ശൈലിയിലേയ്ക്കും ചേക്കേറിയിരിക്കുന്നു.

പാരമ്പര്യങ്ങളെയും അവയുടെ മാറ്റത്തെയും കുറിച്ച് പറയുമ്പോൾ ഒരു കാര്യം നാം പ്രത്യേകം ഓർത്തിരിക്കണം ആരാധനപരമായ പാരമ്പര്യങ്ങളുടെ അടിസ്ഥാന തത്ത്വങ്ങൾക്ക് യാതൊരു കാരണത്താലും മാറ്റത്തിന് ഇടം കൊടുക്കരുത്. പ്രത്യേകിച്ച് ഓർത്തഡോക്സ് വിശ്വാസത്തിന്റെ അടിസ്ഥാനമായ ത്രിത്വവിശ്വാസം; യേശുക്രിസ്തു ലോകരക്ഷകൻ എന്ന അസന്ദിഗ്ധമായ വിശ്വാസം, കൂദാശകളിലൂടെ ലഭിക്കുന്ന ആത്യന്തികമായ രക്ഷാകരമായ അനുഭവം; ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള പ്രതീക്ഷകൾ, മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ എന്നിവയ്ക്ക് ഒന്നും ഒരുവിധ മാറ്റവും ഉണ്ടാകരുത് എന്നാൽ ലഘു പ്രധാനമായ ഭാഷാമാറ്റം, വസ്ത്രധാരണം, വാസ്തുശില്പം പെരുന്നാൾ ആചരണം എന്നിവ സന്ദർഭോചിത മാറ്റങ്ങൾക്ക് വശംവദമാകാവുന്നതാണ്.

മതം മനുഷ്യന്റെ ഉള്ളിലാകണം പുറമോടിയിൽ ഒതുങ്ങരുത്. ഒരിക്കലും ഒരു ഓർത്തഡോക്സ് വിശ്വാസിയുടെ ജീവിതം പ്രകടനപരമായി ഒതുങ്ങരുത് മറിച്ച് പാരമ്പര്യങ്ങളെ ഹൃദയപൂർവ്വം ഉൾക്കൊള്ളണം. കുളത്തിൽ കെട്ടിക്കിടക്കുന്ന ജലം പോലെയാകാതെ ഒഴുക്ക് വെള്ളത്തിന്റെ സുലഭത അതിനെ സമീപിക്കുന്നവർക്ക് നൽകുന്ന ഊഷ്മളത പോലെയാകട്ടെ നമ്മുടെ പാരമ്പര്യങ്ങൾ.

യേശുവിന്റെ വിശ്വവിഖ്യാതമായ ഉപദേശം ശ്രദ്ധിക്കൂ: ''മനുഷ്യൻ ശാബതിനു വേണ്ടിയല്ല മറിച്ച് ശാബത് മനുഷ്യനു വേണ്ടിയുള്ളതാണ്.

കേരളാ ഹൈകോടതി അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ പബ്ലിക് റിലേഷൻസ് ഓഫീസർ ആൻഡ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ചുമതലയേറ്റ കോശി ജോൺ കളമശ്ശേരി. അങ്കമാലി ഭദ്രാസന SDOF ന്റെ ആലുവ മേഖലാ സെക്രട്ടറിയാണ്. കളമശ്ശേരി സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗമാണ്.

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു മൂലേടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ സെന്റ് ഡയനീഷ്യസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ വൃക്ഷ തൈകൾ നട്ടു.

ഇടുക്കിയുടെ മണ്ണിൽ പൊന്ന് വിളയിച്ച് ബിൻസി ജെയിംസ്

അനിതാ എസ്.

ഹായ്, ബിൻസീസ് ഫാമിലേക്ക് എല്ലാവർക്കും സ്വാഗതം. സോഷ്യൽമീഡിയയിലെ ഫോ?ളോവേഴ്സിനെ സ്വാഗതം ചെയ്ത് ബിൻസി ജെയിംസ് എത്തുമ്പോൾ 'ഇന്ന് എന്താണ് പരിചയപ്പെടുത്താൻ പോകുന്നതെന്ന' ആകാംക്ഷയായിരിക്കും എല്ലാവർക്കും. ചിലപ്പോൾ വിത്ത് വീണ് മുളച്ചുവന്ന ഒരു കാരറ്റ് ആയിരിക്കും, അല്ലെങ്കിൽ തക്കാളി, വാഴ, പച്ചമുളക്... പട്ടിക നീളും. മറ്റു ചിലപ്പോൾ സ്വന്തം കൃഷിത്തോട്ടത്തിൽ വിളഞ്ഞു നിൽക്കുന്ന കാബേജും കോളിഫ്ളവറും തക്കാളിയും പയറും പച്ചമുളകും വഴുതനയും. അല്ലെങ്കിൽ ഇതുവരെ കേട്ടും കണ്ടും പരിചയമില്ലാത്ത ഏതെങ്കിലും പച്ചക്കറിയോ ഇലവർഗമോ ആയിരിക്കും. ബിൻസീസ് ഫാമിന്റെ പ്രത്യേകതയും അതുതന്നെയാണ്. പലതരം പച്ചക്കറികൾ ഇവിടെ വിളഞ്ഞു നിൽപ്പുണ്ടാകും. കാർഷിക സംസ്കാരം വിളിച്ചോതുന്ന ഇടുക്കിയുടെ മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകയാണ് ബിൻസി ജെയിംസ്. കേരള സർക്കാറിന്റെ കർഷക തിലകം പുരസ്കാരം നേടിയ വീട്ടമ്മ.

അടുക്കള കൃഷിയിൽനിന്ന്

മറ്റുള്ളവർക്ക് എന്നും പ്രചോദനം നൽകുന്ന ഒന്നാണ് കൃഷി. 18 വർഷത്തിലധികമായി ചെറിയ രീതിയിൽ അടുക്കള കൃഷി ചെയ്യുന്നുണ്ട്. വർഷങ്ങളായി ചെയ്യുന്ന ഈ കൃഷി വലിയ സംഭവമായൊന്നും അഞ്ചെട്ടു വർഷം മുമ്പ് തോന്നിയിരുന്നില്ല. കുമളിയിൽ ഒമ്പത് സെന്റ് പുരയിടത്തിലായിരുന്നു അന്ന് താമസം. ഏലത്തോട്ടത്തിൽ കൂലിപ്പണിയായിരുന്നു എനിക്കും ഭർത്താവ് ജെയിംസിനും. മക്കൾ ചെറിയ ക്ലാസുകളിൽ പഠിക്കുന്നു. പുറത്തുനിന്നുള്ളവർ വീട്ടിൽ വരുമ്പോൾ ഈ അടുക്കള കൃഷിയെക്കുറിച്ച് സംസാരിക്കും. അടുക്കളത്തോട്ടത്തിൽ കൃഷിചെയ്യാൻ സാധിക്കുന്ന മിക്ക പച്ചക്കറികളും അന്ന് നട്ട് പരിപാലിച്ചിരുന്നു. അവർ അത്ഭുതത്തോടെയാണ് ഇതിനെ കണ്ടിരുന്നത്. റോഡിനോട് ചേർന്നല്ലായിരുന്നു അന്ന് താമസം. അതിനാൽ വീട്ടിൽ വരുന്നവർ മാത്രമാണ് കൃഷി ശ്രദ്ധിച്ചിരുന്നത്. എല്ലാവരും കൃഷിയെക്കുറിച്ച് അറിയണം, കാണണം എന്നെല്ലാം ആഗ്രഹമുണ്ടായിരുന്നു.

സോഷ്യൽമീഡിയയിലേക്ക്

ഇന്റർനെറ്റും ഫേസ്ബുക്കും വാട്സ്ആപ്പുമൊന്നും ഇല്ലാത്ത ഒരു സാദാ ഫോണാണ് അന്ന് ഉപയോഗിച്ചിരുന്നത്. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നിവയെക്കുറിച്ച് കേട്ടറിവ് മാത്രവും. കൃഷിയുടെ ചിത്രങ്ങൾ കൂടുതൽ പേരിലേക്ക് എത്തിക്കാൻ സമൂഹമാധ്യമങ്ങളിൽ ഒരു അക്കൗണ്ട് തുറക്കാൻ തീരുമാനിച്ചു. അങ്ങനെ സമീപത്തെ ഒരു ഇന്റർനെറ്റ് കഫേയിൽ ചെന്ന് അവരുടെ സഹായത്തോടെ ഫേസ്ബുക്ക് ഐഡി തുടങ്ങി. അന്ന് സ്ത്രീകൾ അധികം സമൂഹമാധ്യമങ്ങൾ ഉപയോഗിച്ചു തുടങ്ങിയിരുന്നില്ല. എങ്കിലും കൃഷിയുടെ ഫോട്ടോകൾ ഇടയ്ക്ക് പങ്കുവെച്ചു. പിന്നീട് സുഹൃത്ത് നൽകിയ പഴയ സ്മാർട്ട് ഫോണിലൂടെ ആദ്യമായി ഫോണിൽനിന്ന് ഫേസ്ബുക്കും വാട്സ്ആപ്പും ഉപയോഗിച്ചു തുടങ്ങി.

ബിൻസി ജെയിംസ് എന്ന പേരിൽതന്നെ പിന്നീട് ഐഡി തുടങ്ങി വിഡിയോകൾ പോസ്റ്റ് ചെയ്തു. കൃഷിയുടെ കൂടുതൽ ചിത്രങ്ങൾ പങ്കുവെച്ചതോടെ കൃഷിയെ സ്നേഹിക്കുന്ന ധാരാളം സുഹൃത്തുക്കളെ കിട്ടി. കാർഷിക ഗ്രൂപ്പുകളിൽ അംഗമായി. ഇതോടെ, പുതിയൊരു സ്മാർട്ട് ഫോൺ വാങ്ങി. സമൂഹമാധ്യമങ്ങളിൽനിന്ന് നല്ല പിന്തുണ കിട്ടിയതോടെ വിത്തുകൾക്ക് ആവശ്യക്കാർ വന്നു. ആദ്യം സൗജന്യമായാണ് വിത്തുകൾ നൽകിയത്. പിന്നീട് പലരും വില നൽകി വിത്തുകൾ വാങ്ങാൻ തുടങ്ങി. ഒരു പാക്കറ്റിന് 10 രൂപയാണ് വില. ഇതോടെ ഒരുപാട് ആവശ്യക്കാർ വന്നു. ഇതിൽനിന്നുതന്നെ ചെറിയൊരു വരുമാനവും ലഭിച്ചു.

സ്വന്തം സ്ഥലത്ത് കൃഷിചെയ്യണം

വിത്ത് വിൽപനയിലൂടെ ചെറിയ വരുമാനം ലഭിച്ചു തുടങ്ങി. ഇതോടെ കൂലിപ്പണിക്ക് പോകാൻ സാധിക്കാതെയായി. ചേട്ടായിക്കും പണികൾ കുറഞ്ഞു. അപ്പോഴാണ് മുഴുവൻ സമയം കൃഷിയിലേക്ക് തിരിഞ്ഞാലെന്താണെന്ന ചിന്ത വന്നത്. മൂലധനമൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട് താമസിക്കുന്ന ഒമ്പതു സെന്റ് സ്ഥലവും വീടും പണയത്തിന് കൊടുത്തു. കുമളിയിൽ ആദ്യമായി ഒരു സ്ഥലം പാട്ടത്തിനെടുത്തു. അടുക്കളകൃഷി

ജൈവകൃഷിയിലെ പെൺകരുത്താണ് കുമളി സ്വദേശിനിയായ ബിൻസി ജെയിംസ്. നവമാധ്യമങ്ങളിൽ സജീവമായ ഈ വീട്ടമ്മ വിളകളുടെ വിപണനത്തിനും ഈ മാർഗം ഉപയോഗപ്പെടുത്തുകയാണ്. കാർഷികരംഗത്തെ മികവിന് നിരവധി പുരസ്കാരങ്ങളും ബിൻസിക്ക് ലഭിച്ചിട്ടുണ്ട്. സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് സെൻട്രൽ കമ്മിറ്റി അംഗമാണ് ബിൻസി.

ചെയ്തുള്ള പരിചയംവെച്ച് അവിടെ കൃഷി തുടങ്ങി. അവിടെതന്നെ താൽക്കാലിക ഷെഡ് കെട്ടിയായിരുന്നു താമസവും. പ്രളയസമയത്ത് ധാരാളം നഷ്ടം വന്നിരുന്നു. വിളകൾക്ക് വില ലഭിക്കാതെയായി. ജൈവകൃഷിയെ എല്ലാവരും പ്രോത്സാഹിപ്പിക്കുമെങ്കിലും വിപണിയിൽ വിലയില്ലായിരുന്നു.

എറണാകുളം കാക്കനാട് സ്കൂൾ ഗ്രൗണ്ടിൽ എല്ലാ ആഴ്ചയിലും നടക്കുന്ന നാട്ടുചന്ത നാട്ടുനന്മയിൽ പച്ചക്കറികൾ എത്തിക്കാൻ തുടങ്ങി. ഇതോടെ പച്ചക്കറികൾക്ക് ആവശ്യക്കാരേറി. അവിടത്തെ പരിചയക്കാർ വഴിയായിരുന്നു വിൽപന. പച്ചക്കറിക്ക് അവിടെ നല്ല മാർക്കറ്റ് ലഭിച്ചതോടെ കൂടുതൽ പേർ കൃഷിസ്ഥലം കാണാൻ വന്നു. വിദേശത്തുനിന്നടക്കം ധാരാളം പേർ ബിൻസീസ് ഫാമിലേക്ക് എത്താറുണ്ട്. ആ സമയത്തും സാമ്പത്തികമായി വലിയ മെച്ചം എന്നിട്ടും ഉണ്ടായിരുന്നില്ല. വലിയ പാട്ടത്തുക നൽകേണ്ടി വന്നു. മൂന്നര വർഷത്തോളം അവിടെ കൃഷി ചെയ്തു. അവർ സ്ഥലം വിറ്റപ്പോൾ മറ്റു സ്ഥലങ്ങൾ തേടി. ഇടുക്കിയെന്നാൽ ഏലത്തിന്റെ നാടാണല്ലോ, അതിനാൽ പച്ചക്കറി കൃഷിക്കായി പാട്ടത്തിന് സ്ഥലം കിട്ടാൻ വലിയ പ്രയാസമായിരുന്നു. ഒരുപാട് സ്ഥല

ങ്ങൾ അന്വേഷിച്ചെങ്കിലും വലിയ വില നൽകേണ്ടിവരും. പാട്ടത്തിനും കൃഷിക്കുമായി ഒരുപാട് തുക മുടക്കി. കൂടാതെ, മറ്റു പ്രശ്നങ്ങളും വന്നുതുടങ്ങി. അതോടെ, ഇനി കൃഷി ചെയ്യുന്നെങ്കിൽ സ്വന്തം സ്ഥലം മേടിച്ച് കൃഷി ചെയ്യണമെന്ന് ഞങ്ങൾ വിചാരിച്ചു. എങ്ങനെ ഒരു സ്ഥലം മേടിക്കുമെന്ന യാതൊരു ഐഡിയയും ഉണ്ടായിരുന്നില്ല. സാമ്പത്തികം തന്നെയായിരുന്നു പ്രധാന പ്രശ്നം. വിദേശത്തുള്ള ഒരുപാട് കാലമായുള്ള ഒരു സുഹൃത്തുമായി ഇക്കാര്യം സംസാരിച്ചു. അവർ ധൈര്യമായി സ്ഥലം വാങ്ങാനും പണത്തെക്കുറിച്ച് ആലോചിച്ച് പേടിക്കണ്ട എന്നും പറഞ്ഞു. അതോടെ ബാങ്കിൽ ജപ്തിയാകാൻ പോകുന്ന ഒരു വീടും രണ്ടരയേക്കർ സ്ഥലവും മേടിച്ചു. പ്രധാന ടൗണിൽനിന്നും കുറച്ച് അകലെ തോപ്രാംകുടി ഈട്ടിത്തോപ്പ് തേക്കുംകാനം എന്ന സ്ഥലത്താണിത്.

ജൈവകൃഷിയാണ് പ്രധാനം

വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുമ്പോൾ ഹൈബ്രിഡ് ഇനങ്ങളാണ് ഉപയോഗിക്കുക. ഫാഷനുവേണ്ടിയോ കാണാൻ ഭംഗിക്കുവേണ്ടിയോ അല്ലല്ലോ കൃഷി ചെയ്യുന്നത്. എനിക്കും കുടുംബത്തിനും ഉപജീവനമാർഗമാണ് കൃഷി. നാടൻ വിറ്റഴിക്കാൻ പ്രയാസമായിരിക്കും. വിളവിലും വ്യത്യാസമുണ്ടാകും. ജൈവകൃഷിയാണ് ചെയ്യുന്നത്.

കാബേജ്, തക്കാളി, ബീൻസ്, കോളി ഫ്ലവർ, ബ്രോക്കോളി, ചൈനീസ് കാബേജ്, മല്ലി, കെയ്ൽ, സുക്കിനി, കുക്കുംബർ... തുടങ്ങിയവയാണ് ഇപ്പോൾ തോട്ടത്തിലുള്ളത്. തോട്ടം കാണാൻ വരുന്നവർക്ക് എല്ലാ പച്ചക്കറിയും വാങ്ങിപോകാൻ കഴിയണം എന്നതാണ് ആഗ്രഹം. സ്ട്രോബെറിയും മറ്റും സീസൺ അനുസരിച്ച് കൃഷി ചെയ്യും. ഇടുക്കിയിലെ കാലാവസ്ഥ ഒരുവിധം എല്ലാ പച്ചക്കറി കൃഷിക്കും അനുകൂലമാണ്. അതുകൊണ്ടുതന്നെ ജൈവകൃഷിയിലൂടെ തന്നെ നല്ല വിളവ് ലഭ്യമാകുകയും ചെയ്യും.

വെള്ളം അധികം പാഴാക്കാതെ ചെയ്യുന്ന മൾച്ചിങ് കൃഷിരീതിയാണ് ബിൻസീസ് ഫാമിൽ അധികവും. നിലമൊരുക്കി മൾച്ചിങ് ഷീറ്റ് വിരിച്ച് നിശ്ചിത അകലം ക്രമീകരിച്ച് വിത്തിടുകയാണ് ചെയ്യുക. ശേഷം ഓരോ ചെടിക്കും ആവശ്യത്തിന് വെള്ളമെത്തിക്കുന്ന തുള്ളിനന സൗകര്യവും ഒരുക്കും.

കേരള സർക്കാറിന്റെ കർഷക തിലകം പുരസ്കാര ജേതാവും, സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് സെൻട്രൽ കമ്മിറ്റി അംഗവുമായ ബിൻസി ജെയിംസിനെ മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക ആദരിച്ചു. റുവി സെന്റ് തോമസ് ദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം നടന്ന ചടങ്ങിൽ ഇടവക വികാരി ഫാ. തോമസ് ജോസ് പൊന്നാട അണിയിച്ചാണ് ആദരിച്ചത്. ചടങ്ങിൽ അസോസിയേറ്റ് വികാരി ഫാ. ലിജു തോമസ്, ഫാ. ഷാജി പി ജോഷ്വാ, ഇടവക കോ-ട്രസ്റ്റി ബിനു അമ്മിണി, ആക്ടിങ്ങ് സെക്രട്ടറി വർഗീസ് കുരുവിള എന്നിവർ സന്നിഹിതരായിരുന്നു.

കൃഷിയിലെ നേട്ടങ്ങൾ

2019-ൽ ലഭിച്ച സംസ്ഥാന സർക്കാറിന്റെ കർഷക തിലകം അവാർഡ് ബിൻസിയെ തേടിയെത്തി. കൂടാതെ, വിദേശ രാജ്യങ്ങളിൽനിന്നടക്കം അമ്പതോളം അംഗീകാരങ്ങൾ ബിൻസി ഏറ്റുവാങ്ങി. സമൂഹമാധ്യമങ്ങളിലെ കുഞ്ഞുകഥകളിലൂടെ പ്രായഭേദമെന്യേ എല്ലാവരുടെയും ഇഷ്ടം നേടിയവരാണ് ബിൻസിയും കുടുംബവും. ലക്ഷകണക്കിന് ഫോളോവേഴ്സുള്ള ബിൻസീസ് ഫാം പേജ് കൃഷിയെ ഇഷ്ടപ്പെടുന്നവർക്ക് അറിവുകൾ കൂടി പകർന്നുനൽകുന്നതാണ്. കൃഷി അറിവുകൾ പങ്കുവെക്കുന്നതിനായി കോളജുകളിൽ ഉൾപ്പെടെ ക്ലാസെടുക്കാനും പോകാറുണ്ട് ബിൻസി. മാത്രമല്ല, വിത്ത് വിൽപനയും മറ്റു കാർഷിക ഉൽപന്നങ്ങളുടെയും ഉപോൽപന്നങ്ങളുടെയും വിൽപനയിലൂടെ മികച്ച സംരംഭക കൂടിയാണ്. ജെയിംസ് ഫ്രാൻസിസാണ് ഭർത്താവ്. ബിൻസിക്കൊപ്പം ഫാമിലെ കൃഷി ജോലികളെല്ലാം നോക്കി നടത്തുന്നത് ജെയിംസാണ്. മൂന്ന് മക്കളും ഫാമിന് പ്രോത്സാഹനമായി രംഗത്തുണ്ട്. മകൾ ജിനുമോൾ ബി.എസ്.സി നഴ്സിങ്ങിന് ശേഷം ജോലി ചെയ്യുകയാണ്. ജഫിൻ ഓട്ടോമൊബൈൽ കഴിഞ്ഞു. ഇപ്പോൾ കാർഷിക ഫാമുകൾ സെറ്റ് ചെയ്ത് നൽകിവരുന്നു. ഇളയമകൻ ജറിൻ ഓട്ടോമൊബൈൽ വിദ്യാർഥിയാണ്.

Facebook page: https://www.facebook.com/bincy.james.1048

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് ഇടുക്കി ഭദ്രാസന സമ്മേളനത്തിൽ സഖറിയാ മാർ സേവേറിയോസിനൊപ്പം ബിൻസി ജെയിംസ്.

പരിസ്ഥിതി ദിനത്തിനോടാനുബന്ധിച്ചു പുന്നമൂട് സെന്റ് ഗ്രീഗോറിയോസ് ഇടവകയിലെ SDOF ന്റെ ആഭിമുഖ്യത്തിൽ മാവേലിക്കര ഭദ്രാസന വൈസ് പ്രസിഡന്റും വികാരിയുമായ ഫാ. മാത്യു വി. തോമസ് ഫലവൃക്ഷത്തൈ (നെല്ലി) നടുന്നു. ഇടവക ട്രസ്റ്റി അഡ്വ. ഉമ്മൻ ജോൺ, സെക്രട്ടറി ഷിബു ജോയി, യൂണിറ്റ് വൈസ് പ്രസിഡന്റ് സജു എസ്. ബേബി, സെക്രട്ടറി ലാലി ബാബു പുളിമൂട്ടിൽ, ട്രഷറർ ജോയമ്മ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

മേമല സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ SDOF യൂണിറ്റ് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ വിതരണം ചെയ്തു.

SDOF കാരാഴ്മ സെന്റ് മേരിസ് ഇടവക യൂണിറ്റിന്റെ (മാവേലിക്കര ഭദ്രാസനം) ഉദ്ഘാടനം വി. കുർബാനക്കു ശേഷം വികാരി ഫാ. അലക്സാണ്ടർ വട്ടക്കാട്ടിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേന്ദ്ര കമ്മിറ്റി അംഗം ജേക്കബ് ഉമ്മൻ നിർവഹിച്ചു. യൂണിറ്റ് വൈസ് പ്രസിഡന്റ് സജി ജോസഫ് പട്ടമുക്കിൽ, ട്രഷറർ ജോജി ജോൺ എന്നിവർ സംബന്ധിച്ചു.

കുവൈറ്റ് സെന്റ് ബേസിൽ യൂണിറ്റിന് തുടക്കം

കുവൈറ്റ്: സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പ് (SDOF) കുവൈറ്റ് സെന്റ് ബേസിൽ യൂണിറ്റിന് 2026 ജൂൺ 12-ന് NECK ൽ വിശുദ്ധ കുർബാനയ്ക്കുശേഷം അനുഗ്രഹീതമായ തുടക്കം കുറിച്ചു. ഇടവക വികാരി ഫാ. അജു കെ. വർഗീസ് ഉദ്ഘാടനം നിർവഹിക്കുകയും, വിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സഭാസ്നേഹവും ആത്മീയ ധൈര്യവും വിശ്വാസനിഷ്ഠയും ഇന്നത്തെ തലമുറയ്ക്ക് മാതൃകയാകണമെന്ന് സന്ദേശം നൽകുകയും ചെയ്തു.

സെക്രട്ടറി ബിനു ചെമ്പാലയം സംഘടനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിച്ചു. ഇടവക ട്രസ്റ്റി ലൈജു പി. ഐസക്, സെക്രട്ടറി മാർക്കോസ് സ കറിയ, ഫാ. കുര്യൻ മാത്യു, (ചെന്നൈ ഭദ്രാസനം) SDOF വൈസ് പ്രസിഡന്റ് അലക്സ് മാത്യു പുത്തൂർ, ട്രഷറർ ബിനോയി വർഗീസ്, ജോയിന്റ് സെക്രട്ടറി ശമുവേൽ വർഗീസ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ ബിനു യേശുദാസ്, കമ്മിറ്റി അംഗങ്ങളായ സുനിൽ കെ. എബ്രഹാം, അജി രാജൻ എന്നിവർ ഉൾപ്പെടെ നിരവധി വിശ്വാസികൾ ചടങ്ങിൽ പങ്കെടുത്തു.

ഫെല്ലോഷിപ്പിന്റെ ആദ്യ യോഗം ജൂൺ 13-നു വൈകിട്ട് 7.00 മണിക്ക് സെന്റ് മേരീസ് ചാപ്പലിൽ ചേരുവാൻ തീരുമാനിച്ചു.

Chemmanthoor St John's Orthodox Church SDOF Unit's (Kottarakkara - Punalur Diocese) website Inaugurated by Dr. Biju Jacob (IA & AS) in the presence of Dr. Yuhanon Mar Thevodoros.

ഇരതോട് വീയപുരം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ SDOF ന്റെ യൂണിറ്റിന് തുടക്കം കുറിച്ചു. ഇടവക വികാരി ഫാ. ജെയിൻ സി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ SDOF നിരണം ഭദ്രാസന സെക്രട്ടറി സതീഷ് തോമസ് മലയിൽ സംഘടനയുടെ ലക്ഷ്യത്തെകുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും വിശദീകരിച്ചു. SDOF ചെന്നിത്തല ഡിസ്ട്രിക്ട് കോഡിനേറ്റർ അനൂപ് തെന്നടിയിൽ ആശംസ അർപ്പിച്ചു. യൂണിറ്റ് സെക്രട്ടറിയായി അലക്സാണ്ടർ പി. ജോർജിനേയും ട്രഷറാറായി ഷീജ ചാക്കോയെയും തെരഞ്ഞെടുത്തു. ഇടവക സെക്രട്ടറി ചാക്കോ ബേബി യോഗത്തിന് നന്ദി രേഖപ്പെടുത്തി. യോഗത്തിൽ 35 അംഗങ്ങൾ പങ്കെടുത്തു.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൊല്ലാട് സെൻറ് പോൾസ് ഓർത്തഡോക്സ് ചർച്ച് SDOF ന്റെ നേതൃത്വത്തിൽ വൃക്ഷത്തൈ നട്ടപ്പോൾ.

മീനടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ സെന്റ് ഡയനീഷ്യസ് ഫോറത്തിലെ അംഗങ്ങളും ഇടവക വികാരി ഫാ. സോണി കുര്യനും ചേർന്ന് ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇടവകയ്ക്കു വേണ്ടി തൈകൾ നടുന്നു.

കരിയർ ഗൈഡൻസ് സെമിനാർ

പുനലൂർ: ചെമ്മന്തൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് സിറിയൻ പള്ളിയിലെ ചെമ്മന്തൂർ ഗ്രൂപ്പ് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പ്, വിദ്യാർഥികൾക്കായി കരിയർ ഗൈഡൻസ് സെമിനാർ നടത്തി. പൊതുവിദ്യാഭ്യാസവകുപ്പിലെ ഹയർസെക്കൻഡറി വിഭാഗം കരിയർ ഗൈഡൻസ് സ്റ്റേറ്റ് ഫാക്കൽറ്റി ഡോ. ബി. ജ്യോതിഷ്കുമാർ നേതൃത്വം നൽകി. പുനലൂർ വിദ്യാഭ്യാസ ജില്ലാ ഓഫീസർ ഡി. അജയ കുമാർ മുഖ്യാതിഥിയായിരുന്നു.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

SDOF വടക്കൻമണ്ണൂർ യൂണിറ്റ് പ്രവർത്തനോദ്ഘാടനം ഗീവർഗീസ് റമ്പാൻ നിർവഹിച്ചു. പ്രവർത്തന രേഖ യൂണിറ്റ് സെക്രട്ടറിയും ജോയിന്റ് സെക്രട്ടറിയും ചേർന്ന് കൈമാറി.

തോട്ടയ്ക്കാട് മാർ അപ്രേം SDOF യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാസത്തിലെ ആദ്യ ഞായറാഴ്ചകളിൽ ഇടവകാംഗങ്ങൾക്കായി സൗജന്യ മെഡിക്കൽ ചെക്കപ്പ് നടത്തിവരുന്നു.